# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തുമ്പമൺ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.PTA.P11/958/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 14/09/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തുമ്പമൺ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തുമ്പമൺ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തുമ്പമൺ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.PTA.P11/958/2023 തീയ്യതി: 14/09/2023

## പത്തനംതിട്ട ജില്ലയിലെ തുമ്പമൺ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ തുമ്പമൺ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2022 മുതൽ 10-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-10-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. സ്നിഗ്ധ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 16-08-2023 | 24-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 16-08-2023 | 24-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ സജി എ, ഓഡിറ്റ് ഓഫീസർ

ശ്രീ മഹേഷ് കുമാർ കെ ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ അരുൺ പി ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ

കുമാരി കാവ്യ കൃഷ്ണൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി റോണി സഖറിയ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ ഷാജു പി എ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി മേഘ എം ജി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ജിജി ജഗന്നാഥൻ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി രാശി മോൾ കെ എസ് | ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി രാജശ്രീ ആർ | ഹെഡ്മിസ്ട്രസ് | 01-04-2022 | 29-08-2022 |
| ശ്രീമതി അശ്വതി ജി | ഹെഡ്മിസ്ട്രസ് | 30-08-2022 | 31-03-2023 |
| ശ്രീ ബികാസ് ജി എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 04-09-2022 |
| ശ്രീമതി സീനകുമാരി ബി | അസിസ്റ്റന്റ് എഞ്ചിനീയർ | 05-09-2022 | 31-03-2023 |
| ശ്രീമതി ശ്രീദേവി റ്റി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 15-04-2022 |
| ശ്രീമതി പ്രജി പ്രദീപ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 16-04-2022 | 10-07-2022 |
| ശ്രീമതി ശ്രീദേവി റ്റി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 11-07-2022 | 02-10-2022 |
| ശ്രീമതി പ്രജി പ്രദീപ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 03-10-2022 | 13-11-2022 |
| ശ്രീമതി ശ്രീദേവി റ്റി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 14-11-2022 | 31-03-2023 |
| ശ്രീമതി മഞ്ജു ജി എൽ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2022 | 31-03-2023 |
| ശ്രീ സുരേഷ് കുമാർ. ആർ | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2022 | 10-10-2022 |
| ശ്രീ സവദ് ജെ | ഫിഷറീസ് ഇൻസ്പെക്ടർ | 11-10-2022 | 31-03-2023 |
| ശ്രീ ബിജു പിള്ള | വില്ലേജ് എക്സ്റ്റൻഷൻ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| | ഓഫീസർ | | |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല | 1-1-3 |
| 5 | വസ്തുനികുതി-കുടിശ്ശിക ഡിമാന്റ്, തൻവർഷ ബാലൻസ് തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | ബാങ്കിൽ നിക്ഷേപിച്ച ചെക്ക് തുകകൾ നാളിതുവരെ ക്രെഡിറ്റ് ആയിട്ടില്ല | 1-1-5 |
| 7 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-6 |
| 8 | ഭവന നിർമ്മാണ പദ്ധതിയ്ക്കുള്ള സംസ്ഥാന വിഹിതം ബാധ്യതയായി തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു | 1-1-7 |
| 9 | ഷെഡ്യൂൾ ബി4-സംയുക്ത പദ്ധതികൾ, പ്രത്യേക പദ്ധതികൾ എന്നിവയുടെ നീക്കിയിരിപ്പ് വിശദാംശം ലഭ്യമല്ല | 1-1-8 |
| 10 | ഡെപ്പോസിറ്റ് പ്രവൃത്തികൾ-പൂർത്തീകരണ സാക്ഷ്യപത്രമില്ലാതെ തുകകൾ ക്രമീകരിച്ചിരിക്കുന്നു | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം | 1-3 |
| 13 | ഗ്രാന്റ് വിനിയോഗം | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ക്ഷേമ പദ്ധതികൾ | 1-7 |
| 17 | ക്യാഷ് പരിശോധന | 1-8 |
| 18 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 19 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 20 | ഗ്രാമപഞ്ചായത്തിന്റെ നികുതി വരുമാനം സംബന്ധിച്ച അവലോകനം. | 1-11 |
| 21 | നികുതിയേതര വരുമാനങ്ങളുടെ വിശകലനം. | 1-12 |
| 22 | മറ്റു വകുപ്പുകളുടെ സാക്ഷ്യപത്രങ്ങളുടെ കാലാവധി പരിഗണിക്കാതെ വ്യവസായ സ്ഥാപനങ്ങൾക്കു ലൈസൻസ് നൽകി. | 1-13 |
| 23 | ഗ്രീൻ ഫെസിലിറ്റേഷൻ കെട്ടിടം പ്രവർത്തനസജ്ജമാക്കിയില്ല. | 1-14 |
| 24 | ശ്മശാന നിർമ്മാണം ഉപേക്ഷിക്കപ്പെട്ടു. 22.35 ലക്ഷം രൂപ | 1-15 |

| | | |
|---|---|---|
| | പാഴ്ചെലവായി. | |
| 25 | തുമ്പൂർമൂഴി ബയോബിന്നുകൾ പ്രവർത്തനസജ്ജമല്ല. | 1-16 |
| 26 | MCF, മിനി MCF എന്നിവിടങ്ങളിൽ നിന്നും മാലിന്യം നീക്കുന്നതിൽ കാലതാമസം. | 1-17 |
| 27 | ലൈഫ് ഭവന പദ്ധതി - എടുക്കാത്ത വായ്പയ്ക്ക് വികസനഫണ്ടിൽ നിന്ന് തുക കുറവ് ചെയ്യുന്നു | 1-18 |
| 28 | നിക്ഷേപ പ്രവൃത്തികൾ-വാർഷിക ധനകാര്യ പത്രികയിൽ ക്രമീകരിച്ച തുകയുടെ പൂർത്തീകരണ വിവരം ലഭ്യമല്ല | 1-19 |
| 29 | ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ-മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല | 1-20 |
| 30 | സർക്കാർ നിർദ്ദേശ പ്രകാരമുള്ള വെതർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. | 1-21 |
| 31 | ഫോറം 7 Aക്യാഷ്ബുക്കും രജിസ്റ്ററും പരിപാലിച്ചിട്ടില്ല. | 1-22 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ | 4-7 |
| 8 | ചാർജ്/സർച്ചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 12.07.2023 തീയതിയിലെ 3(1) നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 21.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ഉമ്പമൺ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023-ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഉമ്പമൺ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

| | |
|---|---|
| പത്തനംതിട്ട<br>തീയതി 14.09.2023 | ഡെപ്യൂട്ടി ഡയറക്ടർ |

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങളിൽ നിർദ്ദേശിക്കപ്പെട്ട പ്രകാരമുള്ള, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നീ പത്രികകൾ വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

## 1-1-3 ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല.

## 1-1-4 വസ്തുനികുതി-കുടിശ്ശിക ഡിമാന്റ്, തൻവർഷ ബാലൻസ് തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള, ഗാർഹിക, ഗാർഹികേതര കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക ഡിമാന്റ്, തൻവർഷ ബാലൻസ് തുകകൾ സഞ്ചയാ സോഫ്റ്റ് വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-1-5 ബാങ്കിൽ നിക്ഷേപിച്ച ചെക്ക് തുകകൾ നാളിതുവരെ ക്രെഡിറ്റ് ആയിട്ടില്ല

State Bank Of India-(67174477045) E-payment അക്കൗണ്ടിന്റെ 31.03.2023-ലെ ബാങ്ക് റിക്കൺസിലേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Cheque Deposited But Not Cleared എന്നയിനത്തിൽ 5692 രൂപ ക്രമീകരിക്കുവാൻ അവശേഷിക്കുന്നു. 05.04.2022 മുതലുള്ള തുകകൾ ഇത്തരത്തിൽ ക്രമീകരിക്കുവാൻ അവശേഷിക്കുന്നുണ്ട്.

## 1-1-6 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്താതെ സാമ്പത്തിക വർഷാവസാനം ഒറ്റത്തവണയായി രേഖപ്പെടുത്തുന്നു.

## 1-1-7 ഭവന നിർമ്മാണ പദ്ധതിയ്ക്കുള്ള സംസ്ഥാന വിഹിതം ബാധ്യതയായി തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു

ലൈഫ് ഭവന നിർമ്മാണ പദ്ധതിയ്ക്കായി ലഭിച്ച സംസ്ഥാന വിഹിതം Secured Loans From State Government (330200101) എന്ന ഹെഡ്ഡിൽ ബാധ്യതയായി തെറ്റായി ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-1-8 ഷെഡ്യൂൾ ബി4-സംയുക്ത പദ്ധതികൾ, പ്രത്യേക പദ്ധതികൾ എന്നിവയുടെ നീക്കിയിരിപ്പ് വിശദാംശം ലഭ്യമല്ല

Contributions For Joint Venture Projects (For Revenue Expenditure) - From Block Panchayats (320700204) എന്ന ഹെഡ്ഡിൽ 95,000 രൂപയും Contributions For Joint Venture Projects (For Revenue Expenditure) - From District Panchayats (320700205) എന്ന ഹെഡ്ഡിൽ 42,392 രൂപയും Contributions For Other Specific Purposes (For Revenue Expenditure)- From Block Panchayats (320700404) എന്ന ഹെഡ്ഡിൽ 22,500 രൂപയും Grants, Funds & Contributions For Specific Purposes - Other Government Agencies (320300199) എന്ന ഹെഡ്ഡിൽ 2,51,330 രൂപയും ചെലവഴിക്കുവാൻ അവശേഷിക്കുന്നതായി വാർഷിക ധനകാര്യ പത്രിക വ്യക്തമാക്കുന്നു. ടി തുകകളുടെ വിശദവിവരം ലഭ്യമല്ല.

## 1-1-9 ഡെപ്പോസിറ്റ് പ്രവൃത്തികൾ-പൂർത്തീകരണ സാക്ഷ്യപത്രമില്ലാതെ തുകകൾ ക്രമീകരിച്ചിരിക്കുന്നു

വിവിധ ഏജൻസികളിൽ നിക്ഷേപിച്ച 6,65,361 രൂപയുടെ പ്രവൃത്തികൾ 22-23 സാമ്പത്തിക വർഷം പൂർത്തികരിച്ചതിന്റെ അടിസ്ഥാനത്തിൽ വാർഷിക ധനകാര്യ പത്രികയിൽ ക്രമീകരണം നടത്തിയിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട ഏജൻസികളിൽ നിന്ന് പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

## 1-2 ബജറ്റ്

2022-23 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 03.03.2022 തീയതിയിലെ 1ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 13,28,107 രൂപ മുന്നിരിപ്പും 9,45,70,000 രൂപ പ്രതീക്ഷിത വരവും 9,34,40,000 രൂപ പ്രതീക്ഷിത ചെലവും 24,58,107 രൂപ പ്രതീക്ഷിത നീക്കിയിരിപ്പും ഉള്ള ബജറ്റാണ് അംഗീകരിച്ചിട്ടുള്ളത്. പുതുക്കിയ ബജറ്റ് 08.02.2023 തീയതിയിൽ അംഗീകരിച്ചിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം

| | റസിപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 3,327,672 | ---- |
| വരവ് | 19,649,330 | 12,19,16,710 |
| ആകെ | 22,977,002 | -- |
| ചെലവ് | 18,881,895 | 11,60,12,092 |
| നീക്കിയിരിപ്പ് | 4,095,107 | |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ലാപ്സായത്/നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | 0 | 4960000 | 4960000 | 4678475 | 281525 |
| വികസനഫണ്ട്-എസ്.സി.പി | 0 | 4971000 | 4971000 | 4463699 | 507301 |
| മെയിന്റനൻസ് ഫണ്ട്-റോഡ് | 0 | 4861000 | 4861000 | 4510690 | 350310 |
| മെയിന്റനൻസ് ഫണ്ട്-നോൺ റോഡ് | 0 | 4570000 | 4570000 | 4568127 | 1873 |
| സി.എഫ്.സി-ടൈഡ് | 258651 | 1688000 | 1946651 | 1943851 | 2800 |
| സി.എഫ്.സി-അൺ ടൈഡ് | 106609 | 1168164 | 1274773 | 1158744 | 116029 |
| സി.എഫ്.സി-ട്രഷറി | 0 | 161034 | 161034 | 159146 | 1888 |

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ വിഭാഗങ്ങളിൽ നിന്ന് സ്രോതസ്സിൽ കുറവുചെയ്ത തുക വരവിൽ (അലോട്ട്മെന്റിൽ) ഉൾപ്പെടുത്തിയിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | വരവ് തുക |
|---|---|---|
| വികസനഫണ്ട്-ജനറൽ | അങ്കണവാടി അധിക വേതനം | 394200 |
| വികസനഫണ്ട്-എസ്.സി.പി. | ലൈഫ് മിഷൻ വായ്പാ തിരിച്ചടവ് | 404542 |

കേന്ദ്രാവിഷ്കൃത /സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അവാർഡ് | 200000 | 2000000 | 2200000 | 2200000 | 0 |
| ഐ.സി.ഡി.എസ്. | 927899 | 353814 | 1281713 | 868378 | 413335 |
| പൈക്ക | 130000 | 0 | 130000 | 0 | 130000 |
| ലൈബ്രറി ഗ്രാന്റ് | 0 | 1000 | 1000 | 0 | 1000 |

| | | | | | |
|---|---|---|---|---|---|
| ശുചിത്വ മിഷൻ | 810162 | 1030542 | 1840704 | 367348 | 1473356 |
| സാക്ഷരത | 7795 | 212 | 8007 | 0 | 8007 |
| ഹെൽത്ത് ഗ്രാന്റ് | 0 | 296111 | 296111 | 128295 | 167816 |
| സമ്പൂർണ്ണ ശുചിത്വം | 420000 | 0 | 420000 | 420000 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 125 | 37007176 | 110 | 24801776 | 15 | 88 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | സെക്രട്ടറി | 31 | 27 | 7631103 | 5028213 |
| 2 | കൃഷി ഓഫീസർ | 11 | 10 | 1656710 | 975710 |
| 3 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 4 | 4 | 1192789 | 1023011 |
| 4 | വെറ്ററിനറി സർജ്ജൻ | 7 | 7 | 1079000 | 846000 |
| 5 | മെഡിക്കൽ ഓഫീസർ, ആയൂർവേദം | 3 | 3 | 808839 | 808839 |
| 6 | ഡയറി ഫാം ഇൻസ്ട്രക്ടർ | 4 | 4 | 425000 | 375000 |
| 7 | അസിസ്റ്റന്റ് എഞ്ചിനീയർ | 37 | 29 | 12701779 | 7654142 |
| 8 | ഐസിഡിഎസ് സൂപ്പർവൈസർ | 11 | 9 | 2201018 | 1366724 |
| 9 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 | 8 | 8 | 7018190 | 4735640 |
| 10 | ഹെഡ് മാസ്റ്റർ | 3 | 3 | 497860 | 338938 |
| 11 | സബ് ഇനസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 20000 | 8000 |
| 12 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2 | 5 | 5 | 1774888 | 1641559 |
| | ആകെ | 125 | 110 | 37007176 | 24801776 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 288 | 673296 | 673584 | 672507 | 1077 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 9902685 | 9902685 | 9902685 | 0 |
| ആകെ | 288 | 10575981 | 10576269 | 10575192 | 1077 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 66 | 768,800 |
| വിധവാ പെൻഷൻ | 335 | 3,636,200 |
| വാർദ്ധക്യകാല പെൻഷൻ | 840 | 9,000,900 |
| അവിവാഹിതരായ 50 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 12 | 113,400 |
| തൊഴിൽരഹിത വേതനം | 4 | 6,720.00 |
| ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 83 | 924,200 |

## 1-8 ക്യാഷ് പരിശോധന

ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് പരിശോധന 21-08-2023, 3.15 P. M.-ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരുപ്പ് തുകയായ 1120( ആയിരത്തി ഒരുന്നൂറ്റി ഇരുപത്) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപ്പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഫ്രണ്ട് ഓഫീസ് പ്രവർത്തനം തൃപ്തികരമാണ്. ജനങ്ങൾക്ക് സമയബന്ധിതമായി സേവനങ്ങൾ നൽകാൻ പഞ്ചായത്തിന് കഴിയുന്നുണ്ട്. ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ ജോലി വിലയിരുത്തി മേൽനോട്ട ചുമതലയുള്ളവർ മോണിറ്ററിംഗ് നടത്തി ആവശ്യമായ നിർദേശങ്ങൾ നൽകേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ സ്ഥാവര-ജംഗമ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ച് സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും സർക്കാർ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിച്ചിട്ടില്ല.

പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലും ബജറ്റ് പ്രൊവിഷന് അനുസൃതമായിട്ടുമാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. പല വർക്കിംഗ് ഗ്രൂപ്പുകളും കേവലം പേരിനുള്ളവ മാത്രമാണ്. പ്രോജക്ടുകളുടെ കൃത്യമായ മോണിറ്ററിംഗ് നടക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണം എന്ന സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06-09-2013 | 2008-09 മുതൽ 2012-13 വരെ | 28.10.2013 |
| പെർഫോമൻസ് ഓഡിറ്റ് | 05.07.2022 മുതൽ 09.07.2022 വരെ | 01/2022 മുതൽ 03/2022 വരെ | 05-08-22 |

## 1-11 ഗ്രാമപഞ്ചായത്തിന്റെ നികുതി വരുമാനം സംബന്ധിച്ച അവലോകനം.

A) പുതുക്കിയ നിരക്കിൽ വസ്തു നികുതി ഈടാക്കിത്തുടങ്ങിയിട്ടില്ല .

01.04.2023 തീയതി പ്രാബല്യത്തിൽ പുതുക്കിയ നിരക്കിലുള്ള വസ്തു നികുതി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ (കൈ) നം. 77/2023/Lsgd; 22.03.2023 പ്രകാരം പുറപ്പെടുവിച്ചിരുന്നു. സ.ഉ 25/2023/തസ്വഭവ ; 05.04.2023 പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ വിവിധ ഇനം കെട്ടിടങ്ങൾക്കും അതിന്റെ ഉപവിഭാഗങ്ങൾക്കുമുള്ള അടിസ്ഥാന വസ്തു നികുതി നിരക്കിന്റെ കുറഞ്ഞതും കൂടിയതുമായ പരിധി നിർണ്ണയിച്ച് സർക്കാർ വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഉമ്പമൺ ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന വസ്തു നികുതി നിരക്ക് ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ച് കരട് വിജ്ഞാപനം 18.08.2023 ൽ പുറപ്പെടുവിച്ചിട്ടുണ്ട്. പുതുക്കിയ നിരക്കിലുള്ള നികുതി ഈടാക്കുന്നതിനും അതിനനുസരിച്ച് സഞ്ചയയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

B) വസ്തു നികുതിയിൽ 11.48 ലക്ഷം രൂപ കുടിശ്ശിക

ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നീ വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന പരിശോധിച്ചതിൽ നിന്നും 11.48 ലക്ഷം രൂപ കുടിശ്ശികയായിട്ടുള്ളതായി കണ്ടു. ഇതിൽ 11.11 ലക്ഷം രൂപയും വാർഡ്-13 ലെ കുടിശ്ശികയാണ്. ആകെ ഡിമാന്റ് തുകയായ 45.47 ലക്ഷം രൂപയിൽ 33.99 ലക്ഷം രൂപ പിരിച്ചെടുക്കാൻ ഗ്രാമപഞ്ചായത്തിനു കഴിഞ്ഞിട്ടുണ്ട്. അതായത് ആകെ ഡിമാന്റ് തുകയുടെ 74.75% തുക മാത്രമാണ് പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുള്ളത്. സഞ്ചയ സോഫ്റ്റ്‌വെയർ മുഖേനയുള്ള DCB വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ആകെ ഡിമാന്റ് | | | കളക്ഷൻ | | | ബാലൻസ് | | |
|---|---|---|---|---|---|---|---|---|
| മുൻ വർഷം | തൻ വർഷം | ആകെ | മുൻ വർഷം | തൻ വർഷം | ആകെ | മുൻ വർഷം | തൻ വർഷം | ആകെ |
| 1575640 | 2971940 | 4547580 | 606926 | 2792591 | 3399517 | 968714 | 179349 | 1148063 |

അനധികൃത കെട്ടിടത്തിന്റെ നികുതി കുടിശ്ശിക 11 ലക്ഷം രൂപ .

വാർഡ് 13 ന്റെ ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ശാലാം മാർത്തോമ്മ ചർച്ച് . ട്രസ്റ്റിയുടെ ഉടമസ്ഥതയിലുള്ള 13/91 UA എന്ന കെട്ടിടത്തിനാണ് 11.09 ലക്ഷം രൂപ കുടിശ്ശിക വന്നിട്ടുള്ളതെന്നു കണ്ടു. ഈ കെട്ടിടത്തിന്റെ കുടിശ്ശിക വിവരങ്ങൾ ചുവടെ ചേർക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ വസ്തു നികുതി കുടിശ്ശികയുടെ 99% വും ഈ കെട്ടിടത്തിന്റെ മാത്രമാണ്.

| ആകെ ഡിമാന്റ് | | | കളക്ഷൻ | | | ബാലൻസ് | | |
|---|---|---|---|---|---|---|---|---|
| മുൻ വർഷം | തൻ വർഷം | ആകെ | മുൻ വർഷം | തൻ വർഷം | ആകെ | മുൻ വർഷം | തൻ വർഷം | ആകെ |
| 939173 | 170759 | 1109932 | 0 | 0 | 0 | 939173 | 170759 | 1109932 |

കെട്ടിട ഉടമസ്ഥരായ ശാലോം മാർത്തോമ്മ ചർച്ച് ബഹു.കേരള ഹൈക്കോടതിയിൽ Wp(c).6118/2023 ആയി കേസ് ഫയൽ ചെയ്തിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി സെക്രട്ടറി ഓഡിറ്റിനെ അറിയിച്ചു. കേസ് സംബന്ധിച്ച് പ്രതിവാദ പത്രികകൾ യഥാസമയം ഗ്രാമപഞ്ചായത്തിന്റെ അഡ്വക്കേറ്റ് മുഖേന സമർപ്പിക്കുന്നതിന് അധികൃതർ ജാഗ്രത പുലർത്തേണ്ടതാണ്.

യോഗക്ഷേമ സഭ പ്രസിഡന്റ് , ശ്രീ ഹരികുമാർ നമ്പൂതിരിയുടെ പേരിലുള്ള കെട്ടിടം (269 M2) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 220 B ചട്ടം ലംഘിക്കുന്നതിനാൽ അനധികൃത കെട്ടിടമായി കണക്കാക്കിയിരുന്നു. ഈ കെട്ടിടത്തിനെ നിയമാനുസൃതമല്ലാത്ത കെട്ടിടമായി കണക്കാക്കി (5/169 A) മൂന്നിരിട്ടി നികുതി നിർണ്ണയിച്ചിരുന്നു.

എന്നാൽ 2011 ലെ കേരള ഗ്രാമപഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20(2) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് കെട്ടിട നമ്പർ നൽകേണ്ടത് U.A എന്ന രേഖപ്പെടുത്തേണ്ടതും അനധികൃതനിർമ്മാണം കണ്ടെത്തിയ വർഷവും രേഖപ്പെടുത്തേണ്ടതാണ്. സഞ്ചയ സോഫ്റ്റ്‌വെയറിൽ ഇപ്രകാരം UA എന്ന രേഖപ്പെടുത്തുകയോ UA രജിസ്റ്ററിൽ ഈ കെട്ടിടത്തിന്റെ വിവരം ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

D) അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് പാലിക്കപ്പെടുന്നില്ല .

കേരള പഞ്ചായത്ത് ബിൽഡിംഗ് (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്ക്കരണം) ചട്ടങ്ങൾ 2018.(SRO No.96/2018;15.02.2018) പ്രകാരം 31.07.2017 ന മുമ്പുള്ള അനധികൃത നിർമ്മാണങ്ങൾ സർക്കാർ തീരുമാനിച്ച ബേസിക് കോമ്പൗണ്ടിംഗ് ഫീയും അഡീഷണൽ കോമ്പൗണ്ടിംഗ് ഫീയും അടവാക്കിക്കൊണ്ട് നിയമാനുസൃതമാക്കാൻ പൊതുജനങ്ങൾക്ക് അവസരം നൽകിയിരുന്നു.

ചട്ടം 18 പ്രകാരം ഇപ്രകാരം നിയമാനുസൃതമാക്കിയ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സെക്രട്ടറി തയ്യാറാക്കണമെന്ന നിർദ്ദേശിച്ചിട്ടുണ്ട്. ചട്ടം 17 പ്രകാരം ട്രഷറിയിൽ അടവാക്കിയ കോമ്പൗണ്ടിംഗ് ഫീയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തേണ്ട രജിസ്റ്റർ സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്. ഇപ്രകാരം നിയമാനുസൃതമാക്കിയ കെട്ടിടങ്ങളുടെ ഫയലുകളും മേൽ രജിസ്റ്ററുകളും ഓഡിറ്റിന്ന ഹാജരാക്കണമെന്നാവശ്യപ്പെട്ടിരുന്നെങ്കിലും യാതൊരു വിവരങ്ങളും ലഭ്യമാക്കിയിരുന്നില്ല. ഇക്കാരണത്താൽ അനധികൃത നിർമ്മാണങ്ങളെ ക്രമവൽക്കരിക്കുന്നതിന സർക്കാർ പുറപ്പെടുവിച്ച ഉത്തരവിനെ യഥാവിധി ജനങ്ങളിൽ എത്തിക്കുന്നതിനോ തുടർനടപടികൾ സ്വീകരിക്കുന്നതിനോ തദ്ദേശ സ്ഥാപനത്തിന കഴിഞ്ഞിട്ടില്ല എന്ന ഓഡിറ്റ് വിലയിരുത്തുന്നു.

E) തൊഴിൽ നികുതി പിരിവിൽ വർദ്ധനവ് .

ഗ്രാമപഞ്ചായത്തിന്റെ തൊഴിൽ നികുതി പിരിവിൽ മുൻ വർഷത്തെ അപേക്ഷിച്ച് വർദ്ധനവുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ട്രേഡേഴ്സിൽ നിന്നുള്ള നികുതിയിലും ജീവനക്കാരിൽ നിന്നുള്ള നികുതിയിലുമുള്ള വർദ്ധനവിന്റെ വിശദാംശങ്ങൾ രജിസ്റ്റർ പ്രകാരം രേഖപ്പെടുത്തിയതു ചുവടെ ചേർക്കുന്നു.

| വർഷം | ട്രേഡേഴ്സിന്റെ എണ്ണം | ലഭിച്ച നികുതി (₹) | സ്ഥാപന നികുതി ബാധകമായവ | ലഭിച്ച നികുതി (₹) | ജീവനക്കാരുടെ നികുതി ഈടാക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം. | ലഭിച്ച നികുതി (₹) |
|---|---|---|---|---|---|---|
| 2021-22 | 122 | 137750 | 15 | 36250 | 49 | 740920 |
| 2022-23 | 133 | 157500 | 18 | 41250 | 52 | 802290 |

## 1-12 നികുതിയേതര വരുമാനങ്ങളുടെ വിശകലനം.

A) ലേല വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ് .

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ലേല രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും തൻവർഷം ലേല നടപടികളിലൂടെ ജി.എസ്.റ്റി ഉൾപ്പെടെ ₹964828 രൂപ വരുമാനമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട് എന്ന കണ്ടു. ഇത് മുൻ വർഷത്തെ ലേലത്തുകയായ ₹825150 രൂപയേക്കാൾ അധികമാണ് . ഈ വരുമാനത്തിന്റെ പ്രധാനഭാഗവും (₹778918 രൂപ ) പഞ്ചായത്തിന്റെ പരിധിയിൽ മാംസം വിൽപ്പന നടത്തുന്നതിനുള്ള അവകാശം ലേലം ചെയ്തു നൽകിയതിനാലാണ്. 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്ന് ഫോറം നമ്പർ 1-ൽ ലഭിച്ച ബുച്ചർ ലൈസൻസ് നേടിയിട്ടില്ലാത്തവർ കശാപ്പ് നടത്തുന്ന യാതൊരു അനധികൃത കശാപ്പ് ശാലകളും ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുവാൻ അനുവദിക്കരുതെന്നും എല്ലാ അനധികൃത ഇറച്ചി വിൽപ്പന ശാലകളും അടച്ചു പൂട്ടണമെന്നും ബഹുമാനപ്പെട്ട ഹൈക്കോടതി വിധിന്യായങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട് (WP(C) നം.13805/04, 37093/04, 7000/05, 2991, 3923, 8233, 9297, & 12998/06, 704/09 & 6031/09). ഈ നിയമം പാലിച്ചു കൊണ്ട് മാംസ വിൽപ്പനയ്ക്കുള്ള ലേലം നടപ്പാക്കിയത് ശ്ലാഘനീയമാണ്.

മുൻ വർഷങ്ങളിൽ ലേലം ചെയ്തിരുന്ന താഴെ പറയുന്ന ഇനങ്ങളിൽ തൻ വർഷം ലേലം നടത്താൻ കഴിഞ്ഞിട്ടില്ല.

1. പറത്തുവേലിൽ കുളം - മത്സ്യകൃഷി നടത്തുന്നതിന്

2. പ്രാലിൽ കുളം - മത്സ്യകൃഷി നടത്തുന്നതിന്

3. താമര കുളം - മത്സ്യകൃഷി നടത്തുന്നതിന്

4. ഗവ.U P സ്കൂൾ ക്വാർട്ടേഴ്സ് ലേലം

ഈ ഇനങ്ങൾ വരും വർഷങ്ങളിൽ ലേല നടപടികളിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക ക്ഷണിക്കുന്നു.

B) വാടകയിനത്തിൽ വർദ്ധനവുണ്ടാകാനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള കൃഷി ഓഫീസ് കോമ്പൗണ്ടിലുള്ള ഓഡിറ്റോറിയം വാടകയ്ക്കായി നൽകുന്നുണ്ട്. എന്നാൽ ഒരു വർഷം ശരാശരി 15 തവണയേ കെട്ടിടം വാടകയ്ക്കു പോകുന്നുള്ളൂ. കെട്ടിടത്തിന്റെ അടിസ്ഥാന സൗകര്യങ്ങളിൽ യാതൊരു അപാകതകളും കാണുന്നില്ല. A/C ഓഡിറ്റോറിയത്തിൽ ഒരേ സമയം 100 പേർക്ക വരെ മീറ്റിംഗിനായി പങ്കെടുക്കാൻ കഴിയുന്നതാണ്. മുൻ വർഷത്തെ അപേക്ഷിച്ച് തൻ വർഷം വാടക വരുമാനത്തിലും വാടകയ്ക്കു നൽകിയ ദിവസങ്ങളുടെ എണ്ണത്തിലും വർദ്ധനവ് ഉണ്ടായിട്ടുള്ളത് ഇതിനുള്ള സാധ്യതയായി കണക്കാക്കാം. പന്തളം -കൈപ്പട്ടൂർ പ്രധാന പാതയിൽ നിന്നും വെറും 300 മീറ്റർ അകലത്തിൽ ഇത്തരമൊരു ഓഡിറ്റോറിയം ഉണ്ട് എന്നതിനു വ്യാപക പ്രചാരണം സോഷ്യൽ മീഡിയ ഉൾപ്പെടെയുള്ള മാധ്യമങ്ങൾ വഴി നൽകാൻ ഭരണസമിതി തലത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നത് ഉചിതമായിരിക്കും. കഴിഞ്ഞ നാലു വർഷങ്ങളിലായി വാടക വരുമാനമായി ലഭിച്ച തുക ചുവടെ ചേർക്കുന്നു.

| വർഷം | വാടകയ്ക്കു നൽകിയ ദിവസങ്ങളുടെ എണ്ണം | ലഭിച്ച തുക |
|---|---|---|
| 2019-20 | 13 | 13000 |
| 2020-21 | 13 | 13000 |
| 2021-22 | 9 | 14400 |
| 2022-23 | 25 | 36400 |

C) ലൈസൻസ് ഫീസിനത്തിൽ വരുമാന വർദ്ധനവ് .

തൻവർഷ ലൈസൻസ് ഫീസ് വരുമാനത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് വർദ്ധനവുണ്ട്.

| വർഷം | സ്ഥാപനങ്ങളുടെ എണ്ണം | ലൈസൻസ് ഫീസ് |
|---|---|---|
| 2021-22 | 122 | 46800 |
| 2022-23 | 130 | 92000 |

എന്നാൽ എല്ലാ വാർഡുകളിലുമുള്ള വാണിജ്യ/ വ്യവസായ വിഭാഗം കെട്ടിടങ്ങളിലും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്നു പ്രത്യേക സമിതിയെ വച്ച് ഗ്രാമപഞ്ചായത്ത് പരിശോധന നടത്തേണ്ടതാണ്. വസ്തുനികുതി അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം നികതി നിർണ്ണയിക്കപ്പെട്ട വാണിജ്യ / വ്യവസായ കെട്ടിടങ്ങളും ലൈസൻസ് എടുത്ത സ്ഥാപനങ്ങളും തമ്മിൽ വലിയ രീതിയിൽ അന്തരമുള്ളതായി കാണുന്നു. ഇത്തരത്തിലുള്ള കെട്ടിടങ്ങൾ 364 എണ്ണമുള്ളപ്പോൾ 130 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് നൽകിയിട്ടുള്ളത്. ഒന്നിലധികം കെട്ടിടങ്ങളിൽ ലൈസൻസ് നൽകിയ ഒരു സ്ഥാപനം പ്രവർത്തിക്കാമെങ്കിലും ഈ വിഷയത്തിൽ സമഗ്ര പരിശോധന നടത്തി ലൈസൻസിൽ നിന്നും വിട്ടു പോയ സ്ഥാപനങ്ങളെ കണ്ടെത്തേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | വാണിജ്യ/വ്യവസായ കെട്ടിടങ്ങളുടെ എണ്ണം | ലൈസൻസ് നൽകിയ സ്ഥാപനങ്ങളുടെ എണ്ണം | വാർഡ് നമ്പർ | വാണിജ്യ/വ്യവസായ കെട്ടിടങ്ങളുടെ എണ്ണം | ലൈസൻസ് നൽകിയ സ്ഥാപനങ്ങളുടെ എണ്ണം |
|---|---|---|---|---|---|
| 1, മുട്ടം വടക്ക് | 25+5 = 30 | 9 | 8, നടുവിലെ മുറി കിഴക്ക് | 30+1 = 31 | 13 |
| 2, മുട്ടം കിഴക്ക് | 10+9=19 | 4 | 9, തുമ്പമൺ | 62+5 =67 | 29 |
| 3, നടുവിലെ മുറി വടക്ക് | 34+14 = 48 | 15 | 10, വിജയപുരം | 5+4=9 | 2 |
| 4, മാമ്പിലാലി വടക്ക് | 22+6=28 | 13 | 11, മുട്ടം തെക്ക് | 11+4=15 | 4 |

| | | | | | |
|---|---|---|---|---|---|
| 5, മാമ്പിലാലി തെക്ക് | 30+3=33 | 12 | 12, മുട്ടം | 14+3 =17 | 4 |
| 6, വിജയപുരം കിഴക്ക് | 7+2=9 | 5 | 13, മുട്ടം പടിഞ്ഞാറ് | 24+4 =28 | 12 |
| 7, വയലിനംപടിഞ്ഞാറ് വടക്ക് | 24+6=30 | 12 | | ആകെ - 364 | ആകെ - 130 |

## 1-13 മറ്റു വകുപ്പുകളുടെ സാക്ഷ്യപത്രങ്ങളുടെ കാലാവധി പരിഗണിക്കാതെ വ്യവസായ സ്ഥാപനങ്ങൾക്കു ലൈസൻസ് നൽകി.

താഴെ പറയുന്ന പെട്രോൾ പമ്പ്, ഗ്യാസ് ഗോഡൗൺ എന്നിവയ്ക്ക് മറ്റു വകുപ്പുകളുടെ സാക്ഷ്യപത്രങ്ങളുടെ കാലാവധി പരിഗണിക്കാതെ ലൈസൻസ് നൽകിയതായി കണ്ടു.

| പേര്, വിലാസം | വാർഡ് /കെട്ടിട നമ്പർ, സ്ഥാപനം | ലൈസൻസ് നമ്പർ, കാലാവധി | മറ്റു വകുപ്പുകളുടെ സാക്ഷ്യപത്രങ്ങളുടെ കാലാവധി |
|---|---|---|---|
| കോശി തോമസ്, സ്കൈ ലൈൻ ഹൈ പോയിന്റ് കോട്ടയം | Viii/182 B, പെട്രോൾ പമ്പ് | JC2-3207/2022; 04-11-2022<br>04-11-2022 മുതൽ 31.03.2027 വരെ | 1. ഫയർ & റസ്ക്യൂ ഡിപ്പാർട്ട്മെന്റിന്റെ സാക്ഷ്യപത്രം - 15.09.2024 വരെ കാലാവധി.<br>2. പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സാക്ഷ്യപത്രം - 31.05.2025 വരെ കാലാവധി.<br>3. എക്സ്പ്ലോസീവ് ലൈസൻസ് (PESO) – 31.12.2023 വരെ കാലാവധി |
| ദീപ ഒ, ദീപ ഭവൻ, മലയമഠം, കിളിമാനൂർ | 9/37, LPG ഗോഡൗൺ | JC-2-1438/2022; 20.06.2022<br>20.06.2022 മുതൽ 31.03.2023 വരെ | ഫയർ & റസ്ക്യൂ ഡിപ്പാർട്ട്മെന്റിന്റെ സാക്ഷ്യപത്രം - 23.09.2022 വരെ കാലാവധി. |

പെട്രോൾ പമ്പിനു എക്സ്പ്ലോസീവ് ലൈസൻസ് 2023 വരെ മാത്രമുള്ളപ്പോൾ 2027 വരെ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. മറ്റു വകുപ്പുകളുടെ സാക്ഷ്യപത്രവും 2027 വരെയില്ലായെന്നു രേഖകളിൽ നിന്നും ബോദ്ധ്യപ്പെട്ടിട്ടുണ്ട് . LPG ഗ്യാസ് ഗോഡൗണിനു 23.09.2022 വരെയുള്ള അനുമതിയേ ഫയർ & റസ്ക്യൂ ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭിച്ചിട്ടുള്ളൂ എന്നിരിക്കെ 31.03.2023 വരെ ലൈസൻസ് നൽകിയിട്ടുണ്ട്.

പഞ്ചായത്ത് ഡയറക്ടറുടെ 12.03.2019 ലെ PAN/3053/2019 -C4(DP) സർക്കുലർ പ്രകാരം മറ്റു വകുപ്പുകളുടെ /ഏജൻസികളുടെ ക്ലിയറൻസുകൾ അഞ്ചു വർഷക്കാലയളവിലുള്ളതാണെങ്കിൽ ലൈസൻസിന്റെ കാലാവധിയും അഞ്ചു വർഷത്തേക്ക് നിജപ്പെടുത്തേണ്ടതാണ്. എന്നാൽ ക്ലിയറൻസിന്റെ കാലാവധി അഞ്ചു വർഷത്തിൽ താഴെയാണെങ്കിൽ

ലൈസൻസിന്റെ കാലാവധിയും ക്ലിയറൻസിന്റെ കാലാവധി വരെ നിജപ്പെടുത്തേണ്ടതാണെന്ന നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിബന്ധന പാലിക്കാതെയാണ് ലൈസൻസ് നൽകിയിട്ടുള്ളത്. അപാകതകൾക്ക വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.7/22-08-23) ഉദ്യോഗസ്ഥർ മറുപടി നൽകിയിട്ടില്ല. ഈ വിഷയത്തിൽ തദ്ദേശ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ തലത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-14 ഗ്രീൻ ഫെസിലിറ്റേഷൻ കെട്ടിടം പ്രവർത്തനസജ്ജമാക്കിയില്ല.

ഗ്രാമപഞ്ചായത്തിലെ മഴക്കോട്ട് ഇക്കോ ടൂറിസം പദ്ധതിയുടെ പരിസരത്ത് പുതുതായി നിർമ്മിക്കുന്ന MCF കെട്ടിടത്തിനോടു (മെറ്റീരിയൽ കളക്ഷൻ സെന്റർ) ചേർന്ന് ഗ്രീൻ ഫെസിലിറ്റേഷൻ കെട്ടിട നിർമ്മാണം എന്ന പദ്ധതി നടപ്പാക്കിയിരുന്നു. ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ നിർമ്മാണം പൂർത്തീകരിച്ചെങ്കിലും കെട്ടിടത്തിൽ യാതൊരു പ്രവർത്തനങ്ങളും നടക്കുന്നതായി കണ്ടില്ല.



| | |
|---|---|
| പ്രൊജക്ട് നമ്പർ / പേര് | 121/2021-22, ഹരിത സഹായ കേന്ദ്രം കെട്ടിടനിർമ്മാണം<br>23/2022-23, ഹരിത സഹായ കേന്ദ്രം കെട്ടിടനിർമ്മാണം -ഒന്നാം ഘട്ടം |
| ഫണ്ട് വകയിരുത്തിയത് | 2021-22 , ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 250000<br>2022-23 -സംസ്ഥാനാവിഷ്കൃത ഫണ്ട് -1300000 |
| തുക ചെലവഴിച്ചത് | 250000 - ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 2021-22<br>0 - സംസ്ഥാനാവിഷ്കൃത ഫണ്ട് - 2022-23 |
| എഗ്രിമെന്റ് നമ്പർ | 16/AE/LSGD/TGP; 11-03-2022 |
| കരാറുകാരൻ | ശ്രീ രാജശേഖരക്കുറുപ്പ്, ശിവശൈലം, മുടിയൂർകോണം, പന്തളം. |

2021-22 ൽ കെട്ടിട നിർമ്മാണത്തിനായി 2.5 ലക്ഷം ചെലവഴിച്ചിരുന്നു. 2022-23 ൽ പദ്ധതി പൂർത്തീകരിച്ചെങ്കിലും ബിൽ തുക മാറി നൽകിയിരുന്നില്ല. രണ്ടാമത്തെ പാർട്ട് ബിൽ തുകയായ 541321 രൂപയുടെ റിക്വസിഷൻ ജില്ലാ ശുചിത്വമിഷന 21.03.2023 ൽ അസിസ്റ്റന്റ് എഞ്ചിനീയർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖേന നൽകിയിരുന്നെങ്കിലും തുക ലഭിച്ചിരുന്നില്ല. കെട്ടിടം പ്രവർത്തനസജ്ജമല്ലാത്തതിന വിശദീകരണം ആവശ്യപ്പെട്ടിരുന്നെങ്കിലും (ഓഡിറ്റ് എൻക്വയറി നം. 14/23.08.2023) അധികൃതർ മറുപടി ലഭ്യമാക്കിയിരുന്നില്ല.

പതിന്നാലാം പഞ്ചവത്സര പദ്ധതി വാർഷിക മാർഗ്ഗരേഖ 8.1(C)(12) പ്രകാരം [(സ.ഉ (കൈ) നം. 84/2022/LSGD; 19-04-2022)] നഗരസ്വഭാവമുള്ള ഗ്രാമപഞ്ചായത്തുകളിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് സംശയനിവാരണം വരുത്തുന്നതിനും യൂസർഫീസ് അടയ്ക്കുന്നതിനുള്ള സൗകര്യത്തിനും മാലിന്യസംസ്കരണ ഉപാധികളായ കിച്ചൻ ബിൻ, ബയോ ബിൻ. റിംഗ് കമ്പോസ്റ്റ്, പോട്ട് കമ്പോസ്റ്റ് എന്നിവ വാങ്ങുന്നതിനും പ്രകൃതി സൗഹൃദ വസ്തുക്കളായ തുണി സഞ്ചി, പേപ്പർ ബാഗ്, പേപ്പർ പേന എന്നിവ വാങ്ങുന്നതിനുമായി ഗ്രീൻ ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കാവുന്നതാണ് എന്ന പരാമർശിച്ചിരുന്നു. ഈ ലക്ഷ്യം നടപ്പാക്കുന്നതിനായിരുന്നു ഇത്തരത്തിൽ ലക്ഷങ്ങൾ ചെലവഴിച്ച് കെട്ടിടം നിർമ്മിച്ചത്. എന്നാൽ നിലവിൽ ഇവ പ്രവർത്തനസജ്ജമല്ല. ഗ്രീൻ ഫെസിലിറ്റേഷൻ സെന്ററിന്റെ ഉദ്ദേശ ലക്ഷ്യം കൈവരിക്കുന്നതിന ഗ്രാമപഞ്ചായത്ത് ഭരണസമിതി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 ശ്മശാന നിർമ്മാണം ഉപേക്ഷിക്കപ്പെട്ടു. 22.35 ലക്ഷം രൂപ പാഴ്ചെലവായി.

രണ്ടു സാമ്പത്തിക വർഷങ്ങളിലായി 22.35 ലക്ഷം രൂപ ചെലവഴിച്ചിട്ടും ഗ്രാമപഞ്ചായത്തിന്റെ ശ്മശാന നവീകരണം പദ്ധതി ഉപേക്ഷിക്കപ്പെട്ടതായി കണ്ടു. പദ്ധതിയിൽ നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.



| വർഷം | പ്രൊജക്ട് നമ്പർ ,പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 2018-19 | 20/2018-19, ശ്മശാന നവീകരണം | 2296285 | 665825 |
| 2019-20 | 104/2019-20, ശ്മശാന നവീകരണം | 1630460 | 831752 |
| 2020-21 | 118/2021-22, ശ്മശാന നവീകരണം | 737937 | 737937 |
| | ആകെ | | 22,35,514 |

22.35 ലക്ഷം രൂപ ചെലവഴിച്ചിട്ടും പദ്ധതി പൂർത്തീകരിക്കുന്നതിനായി കഴിഞ്ഞ രണ്ടു വർഷമായി തുക വകയിരുത്തുകയോ മറ്റു തുടർ പ്രവർത്തനങ്ങൾ നടത്തുകയോ ചെയ്യാത്തതിനാൽ പൊതുജനങ്ങൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടില്ല എന്നു വിലയിരുത്തുന്നു. പദ്ധതി പ്രദേശം കാടുപിടിച്ചു കിടക്കുന്നതായും കണ്ടു. ലക്ഷങ്ങൾ ചെലവഴിച്ച പദ്ധതി പ്രവർത്തനക്ഷമമാക്കുന്നതിനു തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും (എൻക്വയറി നം.15/23.08.2023) അധികൃതർ മറുപടി ലഭ്യമാക്കിയില്ല. ഈ വിഷയത്തിൽ തദ്ദേശ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടറുടെ ഓഫീസ് തലത്തിൽ തുടർ നിർദ്ദേശങ്ങളുണ്ടാകണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-16 തുമ്പൂർമൂഴി ബയോബിന്നുകൾ പ്രവർത്തനസജ്ജമല്ല.

പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടാത്ത MGM എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളിൽ തുമ്പൂർമൂഴി മോഡൽ എയ്റോബിക് കമ്പോസ്റ്റ് നിർമ്മിച്ചു നൽകിയതിനു 2.14 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. സ.ഉ (സാധാ) നം. 16/2018 /തസ്വഭവ 03.01.2018 ഉത്തരവു പ്രകാരം എയ്ഡഡ് സ്കൂളുകളിലും പൊതു മാലിന്യ സംസ്കരണ സംവിധാനം 100 % സബ്സിഡിയോടു കൂടി നൽകാം എന്ന ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് തുക ചെലവഴിച്ചിട്ടുള്ളത്. എന്നാൽ ഇപ്രകാരം സ്ഥാപിക്കപ്പെട്ട യൂണിറ്റുകൾ നിലവിൽ പ്രവർത്തനരഹിതമാണെന്നു കണ്ടു.



ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ / പേര് | 99/2021-22, 17/2022-23 സ്കൂളിന് തുമ്പൂർമൂഴി മോഡൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ്. |
| ഫണ്ട് വകയിരുത്തിയത് | കേന്ദ്രാവിഷ്കൃത ഫണ്ട് - 260000 |
| തുക ചെലവഴിച്ചത് | 214075 (ചെക്ക് നം. JF-7200542/02-08-2022) |

| | |
|---|---|
| കരാറുകാരൻ | ശ്രീ രാജശേഖരക്കുറുപ്പ്, ശിവശൈലം, മുടിയൂർകോണം, പന്തളം. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശ്രീ ബികാസ് ജി. എസ്. അസിസ്റ്റന്റ് എഞ്ചിനീയർ |

സ്ഥാപിച്ചിട്ടുള്ള ബയോബിന്നുകളിൽ ജൈവ മാലിന്യങ്ങൾ ഇടുന്നതിനുള്ള പരിശീലനം സ്കൂൾ അധികൃതർക്കു നൽകിയിട്ടില്ല. ഇത്തരം മാലിന്യ സംവിധാനങ്ങൾ പ്രവർത്തനസജ്ജമാക്കുന്നതിനാവശ്യമായ ബാക്ടീരിയ എൻറിച്ച്ഡ് ഇനോക്യൂലം സ്കൂൾ അധികൃതരോ പി.റ്റി.എ യോ വാങ്ങുകയോ ഇവയുടെ പ്രവർത്തനസംവിധാനം പ്രയോജനപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഇക്കാരണങ്ങളാൽ സ്കൂളിൽ സ്ഥാപിച്ചിട്ടുള്ള യൂണിറ്റുകൾ പ്രവർത്തനസജ്ജമല്ലാതാകുകയും പൊതുഖജനാവിൽ നിന്നും ചെലവഴിച്ച 2.14 ലക്ഷം രൂപ പാഴ്ചെലവാകുകയും ചെയ്തു. സ്കൂൾ അധികൃതർ ആവശ്യപ്പെട്ടിട്ടാണ് ഇത്തരം യൂണിറ്റുകൾ സ്ഥാപിച്ച് നൽകിയതെങ്കിൽ സ്കൂൾ അധികൃതരുടെ അപേക്ഷ ഓഡിറ്റിനു ലഭ്യമാക്കണമെന്നും സ്ഥാപിക്കപ്പെട്ട ബയോബിന്നുകളുടെ തുടർനടത്തിപ്പ് സ്കൂൾ അധികൃതരിൽ നിക്ഷിപ്തമാക്കിക്കൊണ്ടുള്ള കരാർ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയതും ഓഡിറ്റിനു ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടിരുന്നു (ഓഡിറ്റ് എൻക്വയറി നം.12/23.08.2023), എന്നാൽ അന്വേഷണകുറിപ്പുകൾക്ക് അധികൃതർ മറുപടി ലഭ്യമാക്കിയില്ല. തുമ്പൂർമൂഴി യൂണിറ്റുകൾ പ്രവർത്തന സജ്ജമാക്കാൻ അടിയന്തിരമായി തുടർനടപടികൾ സ്വീകരിക്കേണ്ടതും സ്കൂൾ അധികൃതരുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ്.

## 1-17 MCF, മിനി MCF എന്നിവിടങ്ങളിൽ നിന്നും മാലിന്യം നീക്കുന്നതിൽ കാലതാമസം.

2020-21 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ മിനി MCF കൾ സ്ഥാപിക്കുന്നതിനു ₹107345 രൂപ ശുചിത്വമിഷൻ ഫണ്ടിൽ നിന്നും ചെലവഴിച്ചിരുന്നു. എന്നാൽ വിവിധ ഇടങ്ങളിലെ മിനി MCF കളിൽ പ്ലാസ്റ്റിക് മാലിന്യം നിറഞ്ഞിരിക്കുന്നതായി കണ്ടു. സാംസ്കാരിക നിലയത്തിനടുത്ത് കൃഷി ഓഫീസിന്റെ മുകൾ നിലയിൽ കൂട്ടിയിട്ടിരിക്കുന്ന പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്തിട്ടില്ല എന്നും കണ്ടിട്ടുണ്ട്. തൻ വർഷം മഴക്കോട് എക്കോ ടൂറിസം സെന്ററിനോടു ചേർന്ന് മെറ്റീരിയൽ കളക്ഷൻ സെന്റർ സ്ഥാപിക്കുന്നതിനു 6.67 ലക്ഷം ചെലവഴിച്ചെങ്കിലും ഈ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല എന്നു ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ വ്യക്തമായി. ഈ കെട്ടിടത്തോടൊപ്പമാണ് ഗ്രീൻ ഫെസിലിറ്റേഷൻ സെന്ററും നിർമ്മിച്ചിട്ടുള്ളത്. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ / പേര് | 05/2022-23, MCFനിർമ്മാണം. |
| ഫണ്ട് വകയിരുത്തിയത് | ധനകാര്യ കമ്മീഷൻ അവാർഡ് - 744800<br>ജില്ലാ പഞ്ചായത്ത് വിഹിതം - 1598000<br>ആകെ - 2342800 |
| തുക ചെലവഴിച്ചത് | ധനകാര്യ കമ്മീഷൻ അവാർഡ് - 667104 |
| എഗ്രിമെന്റ് നമ്പർ | 5/AE/LSGD/TGP; 30-12-2022 |
| കരാറുകാരൻ | ശ്രീ രാജശേഖരക്കുറുപ്പ്, ശിവശൈലം, മുടിയൂർകോണം, പന്തളം. |

കൃഷി ഓഫീസിന്റെ മുകൾ നിലയിൽ താങ്ങാവുന്നതിനും അപ്പുറം പ്ലാസ്റ്റിക് വേസ്റ്റ് ഉള്ളതിനാൽ നിലവിൽ പ്ലാസ്റ്റിക് ചാക്കുകൾ വരാന്തകളിലും പരിസരത്തുമായി കൂട്ടിയിട്ടിരിക്കുകയാണ്.



സ.ഉ(സാധാ)നം.2420/17/തസ്വഭവ തിയതി 15-07-2017 പ്രകാരം ഹരിത കർമ്മസേനയുടെ രൂപീകരണത്തിനുള്ള നടപടിക്രമങ്ങളും സ.ഉ(സാധാ)നം.1496/ 2020/തസ്വഭവ തിയതി 12-8-2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്.

തൻവർഷം രണ്ടു പദ്ധതികളിലായി ആകെ 50000 ൽ താഴെ രൂപ മാത്രമാണ് ഹരിത കർമ്മസേനയ്ക്കു വേണ്ടി ഗ്രാമപഞ്ചായത്തിൽ നിന്നും ചെലവഴിച്ചിട്ടുള്ളത്. പതിനഞ്ചാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ 8.1 സി (7) പ്രകാരം ഹരിത കർമ്മ സേനയ്ക്ക് റിവോൾവിംഗ് ഫണ്ട്. ടെക്നോളജി ഫണ്ട്. ഇന്നവേഷൻ ഫണ്ട് എന്നിവ ലഭ്യമാക്കണം എന്നു നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ തൻവർഷം ഇപ്രകാരം തുക കണക്കാക്കി നൽകിയിട്ടില്ല. 2019-20 ൽ വയബിലിറ്റി ഗ്യാപ് ഫണ്ട് ആയി 2.90 ലക്ഷം രൂപ ഹരിത കർമ്മ സേനയ്ക്കു നൽകിയിരുന്നു. മുൻ വർഷങ്ങളിൽ ഈ മേഖലയിൽ ഗണ്യമായ തുക ഗ്രാമപഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ടെങ്കിലും തുടർന്നുള്ള വർഷങ്ങളിൽ ആയതിൽ കുറവു വന്നതായും കണ്ടു. തൻ വർഷം 34790 രൂപ മാത്രമാണ് ഈ മേഖലയിൽ ചെലവഴിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | പ്രൊജക്റ്റ് നമ്പർ /പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 2017-18 | 111, ഹരിത കർമ്മ സേനയ്ക്ക് വയബലിറ്റി ഗ്യാപ് ഫണ്ട് | 390000 | 0 |
| 2018-19 | 122, ഹരിത കർമ്മ സേനയ്ക്ക് വയബലിറ്റി ഗ്യാപ് ഫണ്ട് | 390000 | 99408 |
| 2019-20 | 123, ഹരിത കർമ്മ സേനയ്ക്ക് വയബലിറ്റി ഗ്യാപ് ഫണ്ട് | 290592 | 290592 |
| | 149, ഹരിത കർമ്മ സേനയ്ക്ക് യൂസർഫീസ് നൽകൽ | 194220 | 140520 |
| | 23, ഹരിത കർമ്മ സേനയ്ക്ക് ഹയറിംഗ് യൂണിറ്റ് | 100765 | 100765 |
| | ക്ലീൻ കേരള കമ്പനിയ്ക്ക് തുക നൽകൽ | 13078 | 13078 |
| | ആകെ | 598655 | 544955 |
| 2020-21 | 157, ഹരിത കർമ്മ സേനയ്ക്ക് സുരക്ഷാ ഉപകരണങ്ങൾ വാങ്ങൽ | 15000 | 3460 |
| | 81,37, ഹരിത കർമ്മ സേനയ്ക്ക് യൂസർഫീസ് നൽകല് | 53700+ 58421 | 53700+ 58421 |
| | 123, ഹരിത കർമ്മ സേനയ്ക്ക് സുരക്ഷാ ഉപകരണങ്ങൾ വാങ്ങല് | 5810 | 5810 |

| | | | |
|---|---|---|---|
| | 9, ക്ലീൻ കേരള കമ്പനിയ്ക്ക് തുക നൽകല് | 12028 | 6647 |
| | ആകെ | 144959 | 128038 |
| 2021-22 | 72, ഹരിത കർമ്മ സേനയ്ക്ക് സുരക്ഷാ ഉപകരണങ്ങൾ വാങ്ങല് | 61540 | 44600 |
| | 1, ക്ലീൻ കേരള കമ്പനിയ്ക്ക് തുക നൽകല് | 30000 | 29913 |
| | 118, ഹരിത കർമ്മ സേനയ്ക്ക് യൂസർഫീസ് നൽകല് | 100000 | 76450 |
| | 6,ഹരിത കർമ്മ സേനയ്ക്ക് യൂസർഫീസ് നൽകല് | 232010 | 232010 |
| | ആകെ | 423550 | 382973 |
| 2022-23 | 77, ക്ലീൻ കേരള കമ്പനിയ്ക്ക് തുക നൽകൽ | 30000 | 30000 |
| | 32, ഹരിത കർമ്മ സേനയ്ക്ക് സുരക്ഷാ ഉപകരണങ്ങൾ വാങ്ങല് | 6640 | 4790 |
| | ആകെ | 36640 | 34790 |

ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞ രണ്ടു സാമ്പത്തിക വർഷങ്ങളിൽ മതിയായ തുക വകയിരുത്തിയിരുന്നില്ല.

ജില്ലാ പഞ്ചായത്ത് കൈമാറിയ ഇലക്ട്രിക് പിക്കപ്പ് ഓട്ടോയുടെ പ്രവർത്തനവും (KL-03AG-6615) നാളിതുവരെ തുടങ്ങിയിട്ടില്ല. 2022-23 ൽ ജില്ലാ പഞ്ചായത്ത് ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മ സേനയ്ക്ക് കൈമാറുന്നതിന് നൽകിയതാണിത്. ഇത് ഹരിത കർമ്മ സേനയ്ക്ക് നൽകാതെ ഇപ്പോഴും ഗ്രാമപഞ്ചായത്തിന്റെ ഷെഡ്ഡിൽ സൂക്ഷിച്ചിരിക്കുകയാണ്.

വീടുകളിൽ നിന്നും അജൈവ മാലിന്യം കൃത്യമായ ഇടവേളകളിൽ സ്വീകരിച്ച് അവ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയിൽ എത്തിക്കുക, ഇവിടെ നിന്നും മാലിന്യം തരംതിരിച്ച് റിസോഴ്സ് റിക്കവറി ഫെസിലിറ്റിയിൽ അയയ്ക്കുക, തുടർന്ന് തരംതിരിച്ച മാലിന്യം പുന:രുപയോഗം ചെയ്യാനുള്ള സംയോജനങ്ങൾ സാധ്യമാക്കുക എന്നതാണ് ഹരിതകർമ്മ സേനയുടെ പ്രവർത്തനരീതി. മിനി എം.സി.എഫുകളിൽ നിന്നും ശേഖരിക്കുന്ന ഖര മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും അവ തരം തിരിച്ച് ക്ളീൻ കേരള കമ്പനിക്ക് കൈമാറുന്നതിനും കൃത്യമായ ഇടവേളകളിൽ സാധിക്കുന്നില്ല എന്നു കാണുന്നു.





താൽക്കാലിക അടിസ്ഥാനത്തിലാണ് കൃഷി ഓഫീസിന്റെ മുകളിലത്തെ നിലയിൽ പ്ലാസ്റ്റിക് മാലിന്യം സംഭരിച്ചിരുന്നത്. എന്നാൽ പുതുതായി നിർമ്മിക്കുന്ന MCF കെട്ടിടത്തിനു ഉൾക്കൊള്ളാൻ കഴിയുന്നതല്ല ഇവിടെ സൂക്ഷിച്ചിട്ടുള്ള മാലിന്യം. അതിനാൽ ഇവ അടിയന്തിരമായി മാറ്റുന്നതിന് ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ക്ലീൻ കേരള കമ്പനിയുമായി ഗ്രാമപഞ്ചായത്ത് ഏർപ്പെട്ട കരാർ പാലിക്കപ്പെടുന്നില്ല. തരം തിരിച്ച മാലിന്യം ഗ്രാമപഞ്ചായത്ത് ആറന്മുളയിൽ പ്രവർത്തിക്കുന്ന RRF കേന്ദ്രത്തിൽ എത്തിക്കണം എന്നു ക്ലീൻ കേരള അധികൃതർ ആവശ്യപ്പെട്ടുവെന്ന് ഓഡിറ്റ് എക്സിറ്റ് മീറ്റിംഗിൽ ഭരണസമിതി അംഗങ്ങൾ അറിയിച്ചിരുന്നു. ക്ലീൻ കേരള കമ്പനി സമയബന്ധിതമായി മാലിന്യം നീക്കം ചെയ്യാത്തതു സംബന്ധിച്ച് ഉചിതമാർഗ്ഗേന സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരാൻ ഭരണസമിതി തീരുമാനമെടുക്കേണ്ടതും പദ്ധതി വിജയകരമായി മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-18 ലൈഫ് ഭവന പദ്ധതി - എടുക്കാത്ത വായ്പയ്ക്ക് വികസനഫണ്ടിൽ നിന്ന് തുക കുറവ് ചെയ്യുന്നു

ലൈഫ് ഭവന നിർമ്മാണ പദ്ധതിയ്ക്കായി ഗ്രാമപഞ്ചായത്ത് ഹഡ്കോയിൽ നിന്ന് വായ്പ എടുത്തിട്ടില്ല. എന്നാൽ വായ്പാത്തുകയുടെ മുതൽ തിരിച്ചടവ് എന്ന രീതിയിൽ ഗ്രാമപഞ്ചായത്തിന് 22-23 സാമ്പത്തിക വർഷം ലഭിച്ച വികസനഫണ്ടിൽ നിന്ന് 404,542 രൂപ സ്രോതസ്സിൽ കുറവുചെയ്തിട്ടുണ്ട്. 23-24 സാമ്പത്തിക വർഷത്തേക്ക് അനുവദിച്ചിട്ടുള്ള വികസനഫണ്ടിന്റെ ഒന്നാം ഗഡുവിൽ നിന്നും 134,847 രൂപയും ഇത്തരത്തിൽ കുറവ് ചെയ്തിട്ടുണ്ട്. വികസനഫണ്ടിന്റെ സ്രോതസ്സിൽ നിന്ന് ലോൺ തിരിച്ചടവ് ഇനത്തിൽ തെറ്റായി കുറവുചെയ്ത തുക തിരികെ ലഭിക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടുണ്ട്. എന്നാൽ തുക തിരികെ ലഭിച്ചിട്ടില്ല. തുക തിരികെ അനുവദിക്കുന്ന മുറയ്ക്ക് പരാമർശത്തിന്മേൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

## 1-19 നിക്ഷേപ പ്രവൃത്തികൾ-വാർഷിക ധനകാര്യ പത്രികയിൽ ക്രമീകരിച്ച തുകയുടെ പൂർത്തീകരണ വിവരം ലഭ്യമല്ല

വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി 2022-23 വരെയുള്ള കാലയളവിൽ കെ.എസ്.ഇ.ബി-യിൽ നിക്ഷേപിച്ച തുകയിൽ 19,616 രൂപയുടേയും കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുകയിൽ 1,48,000 രൂപയുടേയും പൊതുമരാമത്ത് വകുപ്പിൽ നിക്ഷേപിച്ച തുകയിൽ 65,445 രൂപയുടേയും അനർട്ടിൽ നിക്ഷേപിച്ച തുകയിൽ 4,32,300 രൂപയുടേയും പ്രവൃത്തികൾ 22-23 സാമ്പത്തിക വർഷം പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ വാർഷിക ധനകാര്യ പത്രികയിൽ ക്രമീകരണം നടത്തിയിട്ടുണ്ട്. എന്നാൽ പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആകയാൽ പ്രവൃത്തി പൂർത്തീകരണത്തിന്റെ നിജസ്ഥിതി ബോധ്യപ്പെട്ടിട്ടില്ല. മാത്രമല്ല, പൂർത്തീകരണ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ, ടി സ്ഥാപനങ്ങൾക്ക് മുൻകൂറായി നൽകിയ തുകയിൽ, പൂർത്തീകരണ ശേഷം തുക അവശേഷിക്കുന്നുണ്ടോയെന്നും വ്യക്തമല്ല. വാർഷിക ധനകാര്യ പത്രികയിൽ ക്രമീകരണം നടത്തിയിട്ടുള്ള തുകകൾക്ക് ആധാരമായ പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-20 ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ-മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല

ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങുന്നതിന് പ്രോജക്ട് നം. 13/23 പ്രകാരം 3,00,000 രൂപ ഹോംകോയ്ക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ 60,700 രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്. അവശേഷിക്കുന്ന തുകയ്ക്കുള്ള മരുന്ന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-21 സർക്കാർ നിർദ്ദേശ പ്രകാരമുള്ള വെതർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

കാലാവസ്ഥ വ്യതിയാനത്തെ പ്രതിരോധിക്കാനും ദുരന്ത സാധ്യതയും അതിന്റെ കാഠിന്യവും മനസ്സിലാക്കാനും താപനില, മഴയുടെ അളവ്, കാറ്റിന്റെ ഗതി, തുടങ്ങിയവയുടെ വിവര ശേഖരണവും അതിന്റെ അപഗ്രഥനവും നടത്തണം. അതിനായി ഓരോ പ്രദേശത്തിന്റെയും ദിനാന്തരീക്ഷ സ്ഥിതി മനസ്സിലാക്കുന്നതിനുള്ള വെതർസ്റ്റേഷൻ ഓരോ ഗ്രാമപഞ്ചായത്ത് പ്രദേശത്തും ഒരെണ്ണമെങ്കിലും സ്ഥാപിക്കണം എന്ന് 28 / 5 / 22 ലെ സ .ഉ .കൈ.115 / 22 /ത സ്വ ഭ വ(7 .8 .8 )നിർദേശിക്കുന്നു. അതിനായി ഇപ്പോൾ ദുരന്ത നിവാരണ അതോറിറ്റി നിർദേശിക്കുന്ന 10x12 മീറ്റർ ഉറപ്പായ സ്ഥലം ലഭ്യമാക്കിയാൽ വെതർസ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സാങ്കേതികവിദ്യയും ഫണ്ടും റീ ബിൽഡ് കേരള ഇനിഷ്യറ്റീവ് മുഖാന്തിരം ലഭ്യമാക്കുന്നതാണ്. അനുയോജ്യമായ സ്ഥലം കണ്ടെത്തി ഭൂമിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തി ദുരന്ത നിവാരണ ഏജൻസിയെ അറിയിച്ച് സർക്കാർ നിർദ്ദേശ പ്രകാരമുള്ള വെതർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-22 ഫോറം 7 Aക്യാഷ്ബുക്കും രജിസ്റ്ററും പരിപാലിച്ചിട്ടില്ല.

2011 കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിതെ ചട്ടം 16 പ്രകാരം നിർവഹണ ഉദ്യോഗസ്ഥർ ഫോറം 7 A ക്യാഷ് ബുക്കിൽ എല്ലാ സ്രോതസ്സിൽ നിന്നുള്ള പണം വരവും പണം നൽകലും രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ചുവടെ ചേർക്കുന്ന നിർവഹണ ഉദ്യോഗസ്ഥർ അത്തരത്തിലുള്ള ക്യാഷ്ബുക്കും രജിസ്റ്ററുകളും പരിപാലിച്ചിട്ടില്ല.

1.ഫിഷറീസ് സബ് ഇൻസ്പെക്ടർ.

2.ഡയറി ഫാം ഇൻസ്പെക്ടർ.

3.മെഡിക്കൽ ഓഫീസർ (CHC)

4.കൃഷി ഓഫീസർ.

5.ഹെഡ് മാസ്റ്റർ.

സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കും പ്രകാരം ക്യാഷ്ബുക്കും രജിസ്റ്ററുകളും പരിപാലിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 98400 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ,58/22-23 | 98400 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 145921 | അനുപൂരക പോഷകാഹാര പദ്ധതി(ജനറൽ),10/22-23 | 145921 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 59000 | നെൽകൃഷി വികസനം (എസ്.സി.പി),66/22-23 | 59000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 200000 | ലൈഫ് ഭവന പദ്ധതി(എസ്.സി.പി),72/22-23 | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 150000 | ക്ഷീരകർഷർക്ക് പാലിന് സബ്സിഡി(ജനറൽ),95/22-23 | 150000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 24999 | അംഗനവാടി നം.65 ശിശു സൌഹൃദമാക്കൽ,125/22-23 | 24999 | 0 |
| ജില്ലാ പഞ്ചായത്ത് | 128317 | അനുപൂരക പോഷകാഹാര പദ്ധതി(ജനറൽ),10/22-23 | 128317 | 0 |
| ജില്ലാ പഞ്ചായത്ത് | 300000 | “സ്നേഹ സാന്ത്വനം” സാന്ത്വന പരിചരണ പദ്ധതി,14/22-23 | 300000 | 0 |
| ജില്ലാ പഞ്ചായത്ത് | 19400 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ,58/22-23 | 19400 | 0 |
| ജില്ലാ പഞ്ചായത്ത് | 50000 | ക്ഷീരകർഷർക്ക് പാലിന് സബ്സിഡി(ജനറൽ),95/22-23 | 50000 | 0 |

### 4-2 നിക്ഷേപ പ്രവൃത്തികൾ

| നിർവ്വഹണ | പ്രവൃത്തിയുടെ പേര് | മുൻകൂർ | ചെലവഴിച്ച | ബാക്കി |
|---|---|---|---|---|

| ഏജൻസി | | നൽകിയ തുക | തുക | തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ലീറ്റ് ലൈൻ വലിക്കൽ, 3/23 | 681686 | 0 | 681686 |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ, 2/23 | 444800 | 0 | 444800 |
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ, 128/23 | 400000 | 0 | 400000 |
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ, 106/23 | 20959 | 0 | 20959 |
| കേരള വാട്ടർ അതോറിറ്റി | പൊതുടാപ്പ് ഡിസ്മാന്റലിംഗ് ചാർജ്ജ്, 138/23 | 148000 | 0 | 148000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ

ഇല്ല

## 4-8 ചാർജ്/സർച്ചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പെടെ) | 121916710 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 116012092 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും ഏറ്റവും ഒടുവിൽ പുറപ്പെടുവിച്ച കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം, ഖണ്ഡിക നം. |
|---|---|---|
| 2001-02 (ജ.ആ) | എൽ.എഫ്.പി.റ്റി.എ/പി2-624/03 തീയതി: 08.01.04/05.05.04 | 1 (10(2)) |
| 2002-03 (ചെലവ്) | എൽ.എഫ്.പി.റ്റി.എ/പി4-385/06 തീയതി: 16.09.06/05.02.07 | 1 (2-9) |
| 2003-04 | എൽ.എഫ്.പി.റ്റി.എ/പി4-122/08 തീയതി:09.10.09/20.01.09 | 4 (3-7, 3-10, 3-11, 3-12) |
| 2005-06 | എൽ.എഫ്.പി.റ്റി.എ/പി7-786/09 തീയതി: 28.08.11 | 2 (3-8, 3-20) |
| 2007-08 | എൽ.എഫ്.പി.റ്റി.എ/പി-7-202/10 തീയതി: 04.10.10 | 4 (3-6, 3-8, 3-14, 3-15) |
| 2008-09 | എൽ.എഫ്.പി.റ്റി.എ/പി-5-762/10 തീയതി: 16.08.11 | 6 (3-9, 3-11, 3-13, 3-15, 3-16, 3-17) |
| 2009-10 | എൽ.എഫ്.പി.റ്റി.എ/പി-5-201/11 തീയതി: 06.11.11/04.12.12 | 4 (3-4, 3-8, 3-9, 3-11) |
| 2010-11 | എൽ.എഫ്.പി.റ്റി.എ/പി5-113/12 തീയതി: 15.03.12/24.04.12 | 1 (3-10(2)(3)) |
| 2013-14 | എൽ.എഫ്.പി.റ്റി.എ/പി6-421/15 തീയതി: 08.06.15 | 4 (2-4, 3-2(2), 3-6, 3-9) |
| 2014-15 | കെ.എസ്.എ.പി.റ്റി.എ/പി12/848/16 തീയതി: 26.07.16 | 4 (2-1, 3-1, 3-8, 3-9) |
| 2015-16 | കെ.എസ്.എ.പി.റ്റി.എ /പി11/1360/16 തീയതി: 09.12.16 | 2 (3-8, 3-10) |
| 2017-18 | കെ.എസ്.എ.പി.റ്റി.എ /പി11/1384/18 തീയതി: 24.10.2018 | 3 (2-3, 3-4, 3-5) |
| 2018-19 | കെ.എസ്.എ.പി.റ്റി.എ.പി.11/623/2019 തീയതി: 16.08.2019 | 1-12, 2-1, 2-2, 2-3, 2-4, 2-5, 3-3, 3-5, 3-6, 3-10, 4-10, 4-11 |
| 2019-20 | കെ.എസ്.എ.പി.ടി.എ.പി.11/230/2021 തീയതി: 09.04.2021 | 1-17, 4-3, 4-10, 4-11 |
| 2020-21 | കെ.എസ്.എ.പി.റ്റി.എ.പി11/340/2022 തീയതി 11/05/2022 | മുഴവൻ ഖണ്ഡികകളും |
| 2021-22 | കെ.എസ്.എ.പി.റ്റി.എ.പി11/1170/2022 തീയതി 12/12/2022 | മുഴവൻ ഖണ്ഡികകളും |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 3(1) dated 12-07-2023 and submitted on 19-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the THUMPAMON Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of THUMPAMON Grama Panchayat for the year 2022-2023

Date: 14/09/2023

Deputy Director
District Office Pathanamthitta
Kerala State Audit Department

## Audit Report appended to the Audit Certificate of THUMPAMON Grama Panchayat for the Year 2022-2023.

**1.Major Observations**

1. Non disclosure of assets

**2.Other Observations**

1. Non inclusion of Ratios and Notes on Accounts in Financial statements and non disclosure of material facts.
2. Net increase in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
3. Property tax-arrear demant and current balance amounts does not match with financial statements.
4. Cheques amounts deposited in bank have not credited in account.
5. Lapses in making timely and accurate demand entries in respect of tax and non tax revenue.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ തുമ്പമൺ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്